**Indian Institute of**
Infrastructure & Construction



**പ്രസിദ്ധീകരണത്തിന്**

30/09/2024

## ഐ ഐ ഐ സി യിലെ പരിശീലനങ്ങൾക്കു റോട്ടറിയുടെ ഉയരെ സ്കോളർഷിപ്പ്

സംസ്ഥാന സർക്കാർ തൊഴിൽ വകുപ്പിന് കീഴിൽ കൊല്ലം ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിലെ പരിശീലനങ്ങളിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് സാമൂഹ്യ സേവന രംഗത്തെ സജീവ സാന്നിധ്യമായ അന്തർ ദേശീയ പ്രസ്ഥാനമായ റോട്ടറിയുടെ ഉയരെ പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിക്കും. പരിശീലനഫീസിന്റെ പരമാവധി 75 ശതമാനം തുകയും റോട്ടറി 3211 ജില്ലയുടെ ഉയരെ പദ്ധതി പ്രകാരം റോട്ടറി പ്രസ്ഥാനം വഹിക്കും. നിരവധി ഗുണഭോക്താക്കളെ ലക്ഷ്യമിട്ടുകൊണ്ടാണ് റോട്ടറി പ്രസ്ഥാനം ഉയരെ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തൊഴിൽ പഠിപ്പിക്കുന്നതിലൂടെ ജീവിതമാർഗം കണ്ടെത്തുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഐ ഐ ഐ സി യിലെ ടെക്നിഷ്യൻ ,റെക്കഗ്നിഷൻ ഓഫ് പ്രയാർ ലേർണിംഗ് എന്നീ പരിശീലനങ്ങളിലാണ് നിലവിൽ സ്കോളർഷിപ്പ് പ്രഖ്യാപിച്ചിരിക്കുന്നത്. പ്ലസ്ടു യോഗ്യതയുള്ളവർക്ക് മൂന്നു മാസം ദൈർഘ്യമുള്ള പ്ലംബർ ജനറൽ ലെവൽ 4, പ്ലസ് വൺ യോഗ്യത്യുള്ളവർക്ക് എഴുപതു ദിവസം ദൈർഘ്യമുള്ള എക്സ്കവേറ്റർ ഓപ്പറേറ്റർ ലെവൽ 4, പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് അറുപത്തി ഏഴ് ദിവസം ദൈർഘ്യമുള്ള കൺസ്ട്രക്ഷൻ ലബോറട്ടറി ആൻഡ് ഫീൽഡ് ടെക്നിഷ്യൻ ലെവൽ 4, അറുപത്തി അഞ്ചു ദിവസം ദൈർഘ്യമുള്ള അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ ലെവൽ 3,RPL -ഇലക്ട്രീഷ്യൻ ലെവൽ 3(അഞ്ചാം ക്ലാസും ,3 വർഷത്തെ ഇലക്ട്രിഷ്യൻ അനുഭവ പരിചയവും ) , RPL- പ്ലംബർ ലെവൽ 4 (എട്ടാം ക്ലാസും രണ്ടു വർഷത്തെ അനുഭവ പരിചയവും ) ,RPL- റൂറൽ മേസൺ ലെവൽ 4 (അഞ്ചാം ക്ലാസും അനുഭവ പരിചയവും ), RPL- എക്സ്കവേറ്റർ ഓപ്പറേറ്റർ ലെവൽ 4 (പത്താം ക്ലാസും രണ്ടു വർഷത്തെ അനുഭവ പരിചയവും ) എന്നീ പരിശീലനങ്ങളിലാണ് ഉയരെ സ്കോളർഷിപ്പ് നിലവിൽ പ്രഖ്യാപിച്ചിരിക്കുന്നത്. തിരുവനന്തപുരം,കൊല്ലം,ആലപ്പുഴ,പത്തനംതിട്ട,കോട്ടയം ജില്ലയിലുള്ളവർക്കു ഉയരെ പദ്ധതി മുഖേനയുള്ള ഫീസ് ആനുകൂല്യം ലഭിക്കും.

Near Chavara Bridge, Puthanthura P.O.
Kollam – 691 582, Kerala

Mob: +91 8078980000 | email: contact@iiic.ac.in
**www.iiic.ac.in**

**<u>താഴെപറയുന്ന ഏതെങ്കിലും വിഭാഗത്തിൽ പെടുന്നവർക്ക് ഉയരെ സ്കോളർഷിപ്പിനായി അപേക്ഷിക്കാം</u>**

a.കുടുംബത്തിന്റെ മൊത്ത വാർഷിക വരുമാനം അഞ്ചുലക്ഷത്തിൽ താഴെയുള്ളവർ (വരുമാന സർട്ടിഫിക്കറ്റ് – ഹാജരാക്കണം )

b.നിത്യ കൂലി മാത്രം ആശ്രയിക്കുന്ന രക്ഷിതാക്കളുടെ മക്കൾ (പഞ്ചായത്ത് മെമ്പറുടെ സാക്ഷ്യപത്രം- തൊഴിൽ സാക്ഷ്യപ്പെടുത്തുന്നത് )

c.ഒരു രക്ഷിതാവ് മാത്രമുള്ള അപേക്ഷക/അപേക്ഷകൻ (ആരാണോ മരണപ്പെട്ടത് -മരണ സർട്ടിഫിക്കറ്റ് ഹാജരാക്കണം – നിലവിലെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം)

d.വിധവ/വിവാഹ മോചനം നേടിയവർ (രേഖ ഹാജരാക്കണം -വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം)

e.സാമൂഹ്യസാമ്പത്തിക പരിഗണന ലഭിക്കേണ്ട വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾ

f.ട്രാൻസ് ജെൻഡർ വിഭാഗത്തിൽ പെടുന്നവർ

g.ഭിന്ന ശേഷിയുള്ളവർ ( അർഹമായ പരിശീലനങ്ങളിലേക്ക് പരിഗണന ഉണ്ടാവും )

ഉയരെ സ്കോളർഷിപ്പിനപേഷിക്കുന്നവർ ഐ ഐ ഐ സി യിൽ നേരിട്ട് ഹാജരായി രേഖകൾ സമർപ്പിക്കണം.അപേഷിക്കുവാനുള്ള അവസാന തീയതി 2024 ഒക്ടോബർ 12 .വെബ്സൈറ്റ് – www.iiic.ac.in. വിശദ വിവരങ്ങൾക്ക് 8078980000 നമ്പറിൽ വിളിക്കുക.പരിശീലന ക്ലാസുകൾ ഒക്ടോബർ 14 ന ആരംഭിക്കും

| ടെക്നിഷ്യൻ പരിശീലനങ്ങൾ | | | | | |
|---|---|---|---|---|---|
| നമ്പർ | പരിശീലനത്തിന്റെ പേര് | ആവശ്യമായ യോഗ്യത | കാലാവധി | ഫീസ് (രൂപ ) | സീറ്റുകളുടെ എണ്ണം |
| 1 | കൺസ്ട്രക്ഷൻ ലബോറട്ടറി ആൻഡ് ഫീൽഡ് ടെക്നിഷ്യൻ ലെവൽ 4 | പത്താം ക്ലാസ് | 67 ദിവസം | 25600 | 30 |
| 2 | എക്സ്കവേറ്റർ ഓപ്പറേറ്റർ ലെവൽ 4 | പ്ലസ് വൺ | 70 ദിവസം | 32830 | 30 |

Near Chavara Bridge, Puthanthura P.O.
Kollam – 691 582, Kerala

Mob: +91 8078980000 | email: contact@iiic.ac.in
www.iiic.ac.in

| | | | | | |
|---|---|---|---|---|---|
| 3 | അസിസ്റ്റന്റ് ഇലക്ട്രീഷ്യൻ ലെവൽ 3 | പത്താം ക്ലാസ് | 65 ദിവസം | 26210 | 30 |
| 4 | പ്ലംബർ ജനറൽ ലെവൽ 4 | പ്ലസ്ടു | 3 മാസം | 29400 | 30 |
| 5 | RPL -ഇലക്ട്രീഷ്യൻ -ലെവൽ 3 | അഞ്ചാം ക്ലാസും ,3 വർഷത്തെ ഇലക്ട്രിഷ്യൻ അനുഭവ പരിചയവും | പത്തു ദിവസം | 14000 | 30 |
| 6 | RPL – പ്ലംബർ–ലെവൽ 4 | എട്ടാം ക്ലാസും രണ്ടു വർഷത്തെ അനുഭവ പരിചയവും | പത്തു ദിവസം | 14000 | 30 |
| 7 | RPL– റൂറൽ മേസൺ | അഞ്ചാം ക്ലാസും അനുഭവ പരിചയവും | പത്തു ദിവസം | 14000 | 30 |
| 8 | RPL– എക്സ്കവേറ്റർ ഓപ്പറേറ്റർ ലെവൽ 4 | പത്താം ക്ലാസും രണ്ടു വർഷത്തെ അനുഭവ പരിചയവും | പത്തു ദിവസം | 15000 | 30 |

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷന് വേണ്ടി

ഡയറക്ടർ

Indian Institute of Infrastructure & Construction * Chavara, Kollam *